**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6073** **04.07.2019 ൽ മറുപടിയ്ക്ക്**

## ഭൂമി കൈമാറ്റുന്നതിന് ജില്ലാകളക്ടർക്ക് അനുമതി

**ചോദ്യം**
**ശ്രീ.പി.ടി.എ. റഹീം**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഒരു വകുപ്പിന്റെ അധീനതയിലുള്ള അൻപത് സെന്റിൽ താഴെയുള്ള ഭൂമി മറ്റൊരു വകുപ്പിന് കൈമാറുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) ഉണ്ട്, ജി.ഒ.(പി) നം.31/2018/ആർ.ഡി തീയതി 05-06-2018 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് ഭൂമി കൈമാറ്റം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ അധികാരം ജില്ലാകളക്ടർമാർക്ക് നൽകിയ ശേഷം കോഴിക്കോട് ജില്ലയിൽ ഏതെങ്കിലും സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. ചാത്തമംഗലം വില്ലേജ് കോയിമണ്ണ ദേശം റി.സ.20/1എ1-ൽപ്പെട്ട 10.00 സെന്റ് റവന്യൂ പുറമ്പോക്ക് കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിനും, വടക്കര വില്ലേജ് വടകര ദേശം റി.സ.69/3 എ1-ൽപ്പെട്ട 09.8 സെന്റ് സ്ഥലം ട്രഷറി വകുപ്പിനും, പന്തലായനി വില്ലേജ് പന്തലായനി ദേശം റി.സ25/1 ൽപ്പെട്ട 03.00 സെന്റ് സ്ഥലം സാമൂഹ്യക്ഷേമ വകുപ്പിനും, ഏറാമല വില്ലേജ് കറിഞ്ഞിയാട് ദേശം റി.സ.22/13 ൽപ്പെട്ട 3.00 സെന്റ് സ്ഥലം വനിതാ ശിശുവികസന വകുപ്പിനും അനിവദിച്ചിട്ടുണ്ട് |
| (സി) | മാവൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നത് സംബന്ധിച്ച ഫയലിന്മേൽ ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിയ്ക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർ 11448/17/L11 തീയതി 06-10-17 ന് ഇ.ഇ.പി.ഡബ്ല്യു.ഡി (റോഡ്സ്) കോഴിക്കോടിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ